പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3676

19.02.2013-ൽ മറുപടിക്ക്

# മത്സ്യബന്ധനത്തിനുള്ള ദൂരപരിധി കർശനമാക്കാൻ കേന്ദ്രനിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധത്തിനുള്ള ദൂരപരിധി കർശനമാക്കാൻ കേന്ദ്രനിയമം കൊണ്ടുവരുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) 12 നോട്ടിക്കൽ മൈലിനു ശേഷം വരുന്ന കടലിലെ പ്രദേശത്ത് മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനും, ക്രമീകരിക്കുന്നതിനുമായി മറൈൻ ഫിഷറീസ് (റഗുലേഷൻ ആന്റ് മാനേജ്മെന്റ്) ബിൽ 2009 എന്ന പേരിൽ ഒരു ബിൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിൽ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) തീരദേശത്ത് മത്സ്യസമ്പത്ത് ഗണ്യമായി കുറയുകയാണെന്ന പരാതി നിലനിൽക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് കർശന നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് അവരുടെ ജീവിതമാർഗ്ഗത്തെതന്നെ ഇല്ലാതാക്കുന്നതല്ലേ ; | (ബി) പരിശോധിക്കേണ്ടതാണ്. |
| (സി) പ്രസ്തുത നിയമം സമുദ്രാതിർത്തി ലംഘിക്കുന്ന കപ്പലുകളെ നടപടികളിൽനിന്നും സംരക്ഷിക്കുന്നതിനും വൻകിട കപ്പലുകൾക്ക് മത്സ്യസമ്പത്ത് കൊള്ളയടിക്കാൻ സൗകര്യം ചെയ്യുന്നതിനുമാണെന്നുള്ള ആക്ഷേപം പരിശോധിക്കുമോ ; | (സി) അപ്രകാരമുള്ള വ്യവസ്ഥകൾ പ്രസ്തുത ബില്ലിൽ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) പ്രസ്തുത വിഷയങ്ങളെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുമോ ? | (ഡി) ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ